കേരള സർക്കാർ

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

## ഉപജില്ലാ അദാലത്ത് സമിതി -1

19-03-2024, 10.30 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമിതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. **വിനീത്. ജി** ( (അസിസ്റ്റന്റ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി, പ്ലാനിംഗ്)
2. **മിനി.എസ്.**(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മല്ലപ്പള്ളി,
3. **കെ.സി.സുരേഷ് കുമാർ** (ഇന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).

**പരിഗണിച്ച വിഷയം**- കെട്ടിട നമ്പർ നൽകുന്നത് പരിഗണിക്കുന്നത് സംബന്ധിച്ച്.

**അദാലത്ത് തീർപ്പ്**

**ശ്രീ. താജുദ്ദീൻ** , ഷാൻ നിവാസിൽ ചുനാട്, കായംകുളം എന്നയാൾ ബഹു.തദ്ദേശ-സ്വയംഭരണവകുപ്പ് മന്ത്രിക്ക് നൽകിയ പരാതി അദാലത്ത് സമിതി പരിഗണിച്ചു. അപേക്ഷകന്റെ മകൻ ശ്രീ. ടി ഷാൻ എന്നയാൾ ഹോട്ടൽ തുടങ്ങുന്നതി-നായി തിരുവല്ലാ നഗരസഭയുടെ 13-ാം വാർഡിൽ ശ്രീ. എബ്രഹാം കുര്യൻ പാണ്ടൻ പടവിൽ മേടയിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടം വാടകയ്ക്ക് എടുത്തു. എന്നാൽ നഗരസഭയിൽ നിന്നും കെട്ടിടനമ്പർ ലഭിച്ചിട്ടില്ലെന്നും കെട്ടിടനമ്പർ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത്

മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 26 ടേബിൾ 4'ന് വിരുദ്ധമായാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ ഒരു വശം പ്ലോട്ട് അതിരുമായി ചേർത്താണ് നിർമ്മിച്ചിട്ടുള്ളതെന്നും തിരുവല്ല നഗരസഭ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു. കെ.എം.ബി.ആർ.2019 ചട്ടം 26 ടേബിൾ 4' പ്രകാരമുള്ള ദൂരപരിധി പാലിച്ച് നിർമ്മാണം ക്രമപ്പെടുത്തുകയും ആയത് പ്രകാരം നിയമാനുസൃതമുള്ള പ്ലാൻ നഗരസഭയക്ക് കെട്ടിടം ഉടമ സമർപ്പിയ്ക്കുകയും വേണമെന്നും, ന്യൂനതകൾ നഗരസഭയിൽ നിന്നും കെട്ടിടഉടമയ്ക്ക് ഒറ്റപ്രാവശ്യമായി വിശദമായി നൽകേണ്ടതാ-ണെന്നും അദാലത്ത് നിർദ്ദേശം നൽകി.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-1<br>
ഇന്റേണൽ വിജിലൻസ് ഓഫീസർ-1<br>
തദ്ദേശസ്വയം ഭരണവകുപ്പ്<br>
പത്തനംതിട്ട.

കോപ്പി: സെക്രട്ടറി തിരുവല്ല മുനിസിപ്പാലിറ്റി